# എഴുത്തച്ഛൻ പുരസ്കാരം 2023

മുന്നൊരുക്കങ്ങളും ചുമതലകളും സംബന്ധിച്ച്
സാഹിത്യ അക്കാദമി സമർപ്പിക്കുന്ന റിപ്പോർട്ട്

1. ഡർബാൾ ഹാൾ ബുക്കിംഗിന് (18.12.2023) സാഹിത്യ അക്കാദമി അപേക്ഷ നൽകിയിട്ടുണ്ട്. സാംസ്കാരികവകുപ്പ് തുടർനടപടികൾ സ്വീകരിക്കണം.
2. സെക്രട്ടേറിയറ്റ് മുഖ്യകവാടങ്ങളിൽ പുരസ്കർത്താവ്, ബഹു. മുഖ്യമന്ത്രി, ബഹു. സാംസ്കാരികവകുപ്പ് മന്ത്രി എന്നിവരുടെ ചിത്രങ്ങൾ സഹിതം ബോർഡ്/ഹോൾഡിംഗ് അക്കാദമി സ്ഥാപിക്കും. അനുവാദം സാംസ്കാരികവകുപ്പ് ലഭ്യമാക്കണം.
3. ഡർബാർ ഹാളിന് മുന്നിൽ അറിയിപ്പ് നൽകുന്ന ബോർഡ് അക്കാദമി വെയ്ക്കുന്നതാണ്. അനുവാദം സാംസ്കാരികവകുപ്പ് ലഭ്യമാക്കണം.
4. സമ്മേളനവേദിയിൽ ഉചിതമായ രീതിയിലുള്ള ബാക്ഡ്രോപ്പ് അക്കാദമി വെയ്ക്കുന്നതാണ്. ചെടിച്ചട്ടികൾ ഉൾപ്പെടെയുള്ള കുലീനമായ അലങ്കാരങ്ങൾ ചെയ്യുന്നതിന് പി.ഡബ്ലിയു.ഡി.യെ സാംസ്കാരികവകുപ്പ് ചുമതലപ്പെടുത്തണം.
5. എഴുത്തച്ഛൻ പുരസ്കാര സമർപ്പണത്തെക്കുറിച്ചുള്ള പത്രക്കുറിപ്പ് സാഹിത്യ അക്കാദമി, പി.ആർ.ഡി.വഴി നൽകുന്നതാണ്.
6. ക്ഷണപത്രം തയ്യാറാക്കി സാഹിത്യ അക്കാദമി വശമുള്ള മെയിൽലിസ്റ്റ് പ്രകാരം അയക്കാം. ആവശ്യമായ ക്ഷണപത്രങ്ങൾ സാംസ്കാരികവകുപ്പ്/പി.ആർ.ഡി.ക്ക് നൽകാം. ഗവൺമെന്റ് സെക്രട്ടറിമാർക്കും വിവിധ സെക്ഷനുകളിലും പ്രത്യേകം നൽകാൻ സാംസ്കാരികവകുപ്പ് ഏർപ്പാട് ചെയ്യണം.
7. പ്രശസ്തിപത്രം തയ്യാറാക്കി ഫ്രെയിം ചെയ്ത് അതിൽ ബഹു. സാംസ്കാരിക മന്ത്രിയുടേയും പ്രിൻസിപ്പൽ സെക്രട്ടറിയുടേയും ഒപ്പ് അക്കാദമി വാങ്ങുന്നതാണ്.
8. പുരസ്കർത്താവിന് നൽകാനുള്ള ഫലകവും അണിയിക്കാനുള്ള പൊന്നാടയും(ഒരെണ്ണം) അക്കാദമി കൊണ്ടുവരും.
9. അവാർഡ് തുകയുടെ ഡി.ഡി. സാംസ്കാരികവകുപ്പിനുവേണ്ടി സാഹിത്യ അക്കാദമി കൊണ്ടുവരാം. അവാർഡ് തുകയടക്കം മൊത്തം ചെലവ് സംഖ്യ സാംസ്കാരികവകുപ്പ് പിന്നീട് അക്കാദമിക്ക് അനുവദിച്ച് നൽകണം.
10. സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം (ചായയും സ്നാക്സും) അക്കാദമി ഏർപ്പാട് ചെയ്യുന്നതാണ്.
11. അവാർഡ് ഏറ്റുവാങ്ങുന്നതിനായി എത്തുന്ന പുരസ്കർത്താവിനെ സർക്കാർ അതിഥിയായി പരിഗണിച്ച് അദ്ദേഹത്തിന്റെ യാത്രക്ക് സ്റ്റേറ്റ് കാർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പൊളിറ്റിക്കൽ/പ്രോട്ടോകോൾ വിഭാഗവുമായി സാംസ്കാരികവകുപ്പ് ബന്ധപ്പെടേണ്ടതാണ്.
12. പുരസ്കർത്താവിന്റെ താമസം സാഹിത്യ അക്കാദമി ഏർപ്പാട് ചെയ്യാം.
13. പുരസ്കാര നിർണ്ണയസമിതി അംഗങ്ങളെ സാഹിത്യ അക്കാദമി പ്രത്യേകം ക്ഷണിച്ച് പങ്കെടുപ്പിക്കും.
14. സമ്മേളനനടപടികളുടെ സ്റ്റിൽ ഫോട്ടോ, വീഡിയോ ഡോക്യുമെന്റേഷൻ എന്നിവ പി.ആർ.ഡി.യെക്കൊണ്ട് നിർവ്വഹിപ്പിക്കാനും ആയതിന്റെ കോപ്പി അക്കാദമി ആർക്കൈവ്സിലേയ്ക്ക് ലഭ്യമാക്കാനും സാംസ്കാരികവകുപ്പ് ബന്ധപ്പെടേണ്ടതാണ്.

**സി.പി.അബൂബക്കർ**
സെക്രട്ടറി